# മുതിർന്നോരുടെ മുദ്രാവാക്യം

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

**സഖാവേ,**

ഇരുമുഷ്ടിയും ചുരുട്ടി
തിരശ്ചീന തീരമായ്
കൈകൾ വിരിക്കൂ.

മുഷ്ടികൾ വിടർത്തി മലർത്തൂ,
ഇടംവലം മടക്കി
കൈരണ്ടും മുകളോട്ടുയർത്തൂ,
ശിരസ്സ് വലംതലം ചെരിക്കൂ,
പാദുകയഴിച്ച്
പാദയുഗ്മം തുന്നിച്ചേർക്കൂ.

ആതുര സേവക സംഘാടകരുടെ
ചെങ്കുരിശ് പിന്നിൽ കെട്ടൂ,
ഭാണ്ഡപ്പഴന്തുണി മെടഞ്ഞ്
പാണികൾ കൂട്ടി മുറുക്കൂ.

ശിഷ്ടം കണക്കു പുസ്തകത്തിൽ
അവശേഷിക്കും തിരുശേഷിപ്പ്
ഇതാവിത്:

ആർക്കും എന്നും എവിടെയും
അവരോർ ചെയ്യുന്നതെന്തെന്ന്
അവരോർ അറിയുന്നില്ലെന്ന
അപരർ മാത്രം
രഹസ്യമായ് ഗ്രഹിക്കുന്ന

വിയർപ്പു മുറ്റിയ
ഉയിർപ്പു തന്ത്രം!
*************************************************